RR

# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

**(ഹാജർ : എം.സി.മോഹൻദാസ്, ഐ.എ.എസ്)**

(പബ്ളിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം - 695033.)

18817

നമ്പർ : LR A3-20696/15. തീയതി : 28/07/2016.

വിഷയം : കേരള മുദ്രപത്ര നിയമം സെക്ഷൻ 54(1) – കണ്ണൂർ ജില്ലാ രജിസ്ട്രാറുടെ ഉത്തരവിനെതിരായ അപ്പീൽ - ഉത്തരവാകുന്നത് സംബന്ധിച്ച്.

സൂചന : 1. കണ്ണൂർ ജില്ലാ രജിസ്ട്രാർ (ജനറൽ)ടെ 22.04.2015 ലെ ജി1-2692/2015 നം. നടപടിക്രമം.

2. ശ്രീ.ചെറുവോട്ടുങ്കര രാജൻ സമർപ്പിച്ച 19.05.2015 ലെ അപ്പീൽ ഹർജി.

3. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 17.05.16 ലെ ആർ.ആർ.4-28587/15 നം. റിപ്പോർട്ട്.

ഉളിയിൽ സബ് രജിസ്ട്രാർ ഓഫീസിലെ പി 3/15 ാം നമ്പർ ബന്തവസ്സാധാരം, ചെറുവോട്ടുങ്കര ചാത്തു മക്കൾ 1 മുതൽ 5 വരെ കക്ഷികളായും, 1 മുതൽ 5 വരെ നമ്പർകാരുടെ സഹോദരൻ മരിച്ച കൃഷ്ണന്റെ ഭാര്യ 6 ാം കക്ഷിയായും, കൃഷ്ണന്റെ മക്കൾ 7 മുതൽ 10 വരെ കക്ഷികളായും, 1 മുതൽ 5 വരെ നമ്പർകാരുടെ മറ്റൊരു സഹോദരൻ മരിച്ച കുഞ്ഞിരാമന്റെ ഭാര്യ 11 ാം കക്ഷിയായും, മക്കൾ 12,13 കക്ഷികളായും, 1 മുതൽ 5 വരെ നമ്പർകാരുടെ മറ്റൊരു സഹോദരൻ മരിച്ച ചന്ദ്രന്റെ ഭാര്യ 14 ാം കക്ഷിയായും, മക്കൾ 15,16 കക്ഷികളായും, 1 മുതൽ 5 വരെ നമ്പർകാരുടെ സഹോദരി നാരായണിക്കു വേണ്ടി മകൾ മുക്ത്യാർ ഏജന്റ് 17 ാം കക്ഷിയായും, 1 മുതൽ 5 വരെ നമ്പർകാരുടെ സഹോദരി കാർത്ത്യായനിക്കുവേണ്ടി മകൻ മുക്ത്യാർ ഏജന്റ് 18 ാം കക്ഷിയായും ചേർന്ന് 1 മുതൽ 5 ഉം, 17 ഉം, 18 ഉം കക്ഷികളുടെ മരിച്ച സഹോദരൻ ഗോവിന്ദന്റെ ഭാര്യയുടെയും രണ്ട് മക്കളുടെയും പേർക്ക് എഴുതിക്കൊടുത്ത കൂട്ടവകാശ ഒഴിമുറി ആധാരമാണ്. കേരള മുദ്രപത്ര നിയമം ആർട്ടിക്കിൾ 48(എ)യിൽ വ്യവസ്ഥപ്പെടുത്തിയ 1000/- രൂപയുടെ മുദ്ര പത്രത്തിലാണ് തയാറാക്കിയിരിക്കുന്നത്.

കേരള മുദ്ര പത്രനിയമം ആർട്ടിക്കിൾ 48(എ) അനുസരിച്ച് " When such a release operates in favour of father, mother, grandfather, grandmother, husband, wife, son, daughter, brother, sister, grandchildren or legal heirs of

the deceased children of a person " എന്നിവരുടെ പേർക്ക് എഴുതിക്കൊടുക്കുന്ന ഒഴിമുറി ആധാരങ്ങൾക്കു മാത്രമാണ് 1000/- രൂപ മുദ്രവിലയുടെ ആനുകൂല്യം ലഭിക്കുന്നത്. ടി ആധാരത്തിലെ കക്ഷികൾ 48 (എ) യിൽ ഉൾപ്പെടാത്തതിനാൽ 6% നിരക്കിൽ മുദ്രവില ആവശ്യമാണെന്ന് സബ് രജിസ്ട്രാർ അഭിപ്രായപ്പെട്ടിരുന്നു.

ആധാരം എഴുതിക്കിട്ടുന്ന കക്ഷികൾ ആർട്ടിക്കിൾ 48(എ)യുടെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ ടി ആധാരം കേരള മുദ്രപത്ര നിയമം ആർട്ടിക്കിൾ 48 (ബി) പ്രകാരമുള്ള ആധാരമായി കണക്കാക്കി 6% നിരക്കിൽ മുദ്രവില ആവശ്യമാണെന്നാണ് ജില്ലാ രജിസ്ട്രാർ ഉത്തരവായത്. ടി ഉത്തരവിനെതിരെയാണ് കക്ഷി അപ്പീൽ സമർപ്പിച്ചിരുന്നത്.

ആധാരപ്പകർപ്പ്, ജില്ലാ രജിസ്ട്രാറുടെയും, രജിസ്ട്രേഷൻ ഐ.ജി.യുടെയും റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചു. 22.07.16 ന് അപേക്ഷാ കക്ഷിയായ ശ്രീ.ചെറുവോട്ടുങ്കര രാജനു വേണ്ടി ശ്രീ.ധനേഷിനെ നേരിൽ കേട്ടിട്ടുള്ളതാണ്. ആധാരം എഴുതിക്കിട്ടുന്ന കക്ഷികൾ 1 മുതൽ 5 ഉം, 17 ഉം, 18 ഉം കക്ഷികളുടെ മരിച്ച സഹോദരന്റെ ഭാര്യയും മക്കളുമാണ്. കൂടാതെ 6,11,14 കക്ഷികളുടെ ഭർത്തൃസഹോദരന്റെയും, 7,8,9,10,12,13,15,16 കക്ഷികളുടെ പിതൃസഹോദരന്റെയും ഭാര്യയും മക്കളുമാണ് എഴുതിക്കിട്ടുന്ന കക്ഷികൾ. എഴുതിക്കിട്ടുന്ന കക്ഷികൾ കേരള മുദ്രപത്ര നിയമം ആർട്ടിക്കിൾ 48(എ)യുടെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ 48(ബി) പ്രകാരം 1,85,000/- രൂപയും, 6% നിരക്കിൽ 11100/- രൂപയുടെ മുദ്രവില ആവശ്യമാണെന്നും കുറവുമുദ്ര 10,100/- രൂപയും, പിഴ 1000/- രൂപയും അടക്കം 11,100/- രൂപയുടെ മുദ്രവില ആവശ്യമാണെന്നുള്ള ജില്ലാ രജിസ്ട്രാറുടെ ഉത്തരവ് യഥാവിധിയാണെന്ന് കാണുന്നതിനാൽ പരാമർശം (2) പ്രകാരമുള്ള അപ്പീൽ തള്ളി ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്
കമ്മിഷണർ

സ്വീകർത്താവ് : 1. ശ്രീ.ചെറുവോട്ടുങ്കര രാജൻ,
S/0 ചാത്തു,
ആറളം അംശം ദേശം, കീഴ്പ്പള്ളി.പി.ഓ.
കണ്ണൂർ-670704.
2. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ,
തിരുവനന്തപുരം.
3. ജില്ലാ രജിസ്ട്രാർ (ജനറൽ), കണ്ണൂർ.

ഉത്തരവിൻ പ്രകാരം

[signature]

സൂപ്രണ്ട്

T2 പുറത്തെഴുത്ത് നമ്പർ RR 4-28587/15. രജി. ഐ. ജി. ഓഫീസ്, TVPM. 05-08-2016